I ഇ.ബി. XIV - കേരള നിയമസഭ /IX-8

## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2018 ഫെബ്രുവരി 02, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു. തുടർന്ന് 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും 2018-2019 മുതൽ 2020-2021 വരെയുള്ള Medium Term Fiscal Policy-യും Strategy Statement-ഉം നാലാമത് കേരള പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ 2015-2016 വർഷത്തേയ്ക്കുള്ള രണ്ടാമത് റിപ്പോർട്ടും കാലതാമസപത്രിക സഹിതം മേശപ്പുറത്തുവച്ചു. കൂടാതെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി

ബോർഡിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ആനുവൽ റിപ്പോർട്ടും ആനുവൽ അക്കൗണ്ട്സും ഫിഡലിറ്റി സർട്ടിഫിക്കറ്റും മേശപ്പുറത്തുവച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.38-ന് പൂർത്തിയാക്കി.

മി. സ്പീക്കർ: ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് മെമ്പർമാർക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽ നിന്ന് ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.40-ന് പിരിഞ്ഞു.